VI (a). ക്രമപ്രശ്നം

മുഖ്യമന്ത്രിയുടെ അഭാവത്തിൽ സഭാനേതാവിനെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഒരു പ്രധാനപ്പെട്ട പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ നിയമസഭാ സമ്മേളനം ഫെബ്രുവരി 3-ാം തീയതി ആരംഭിച്ചതാണ്. ഇതുവരെയായി നമ്മുടെ സഭാനേതാവ് ആരാണെന്ന് സഭയെ അറിയിച്ചിട്ടില്ല. ചികിത്സയിൽ കഴിയുന്ന മുഖ്യമന്ത്രി 10 ദിവസത്തേക്ക് ലീവെടുത്തതായും മുഖ്യമന്ത്രിയുടെ ചുമതല ധനകാര്യ വകുപ്പുമന്ത്രിയെ ഏൽപ്പിച്ചതായും കഴിഞ്ഞ ദിവസം പത്രവാർത്ത കണ്ടു. എന്നാൽ സഭാനേതാവിന്റെ ചുമതല നൽകിയതായി പത്രത്തിൽ റിപ്പോർട്ടില്ല. ഇതുസംബന്ധിച്ച് മൂന്ന് നോട്ടിഫിക്കേഷൻ ഗവർണ്ണർ ഇറക്കിയിട്ടുണ്ട്. ആ നോട്ടിഫിക്കേഷനിലും Leader of the House-ന്റെ കാര്യം പരാമർശിക്കുന്നില്ല. നമ്മുടെ നിയമസഭാചട്ടം 2-1 പ്രകാരം "Leader of the House" means the Chief Minister, if he is a Member of the House or a Minister who is a Member of the House and is nominated by the Chief Minister to function as the Leader of the House. Practice and Procedure of Parliament. എന്ന ഗ്രന്ഥത്തിൽ പാർലമെന്റിലെ നടപടിക്രമം വിശദമായിട്ട് വിശദീകരിക്കുന്നുണ്ട്. സഭാ നേതാവിന്റെ മാറ്റം പാർലമെന്റിനെ അറിയിക്കണമെന്നുള്ളത്, സ്പീക്കറുമായി കൂടിയാലോചിച്ച് ചീഫ്വിപ്പോ, പാർലമെന്ററികാര്യ വകുപ്പുമന്ത്രിയോ അത് സഭയെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കൃത്യമായിട്തുതന്നെ ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ ഈ നടപടിക്രമം അവിടെ പാലിച്ചതായി കാണുന്നുണ്ട്. 1992-ൽ ഇതേ നിയമസഭയിൽ ജൂലൈ മാസം 20-ാം തീയതി അന്നത്തെ പ്രൊസീഡിംഗ്സ് എന്റെ കയ്യിലുണ്ട്. ശ്രീ. ഉമ്മൻചാണ്ടിയെ സഭാനേതാവായി തെരഞ്ഞെടുത്തതായി ആദ്യം അന്നത്തെ മുഖ്യമന്ത്രി ഒരു തീരുമാനം സ്പീക്കറെ അറിയിച്ചു. അതെല്ലാം ഹൗസിൽ നടക്കുന്ന കാര്യമാണ്. ശ്രീ. ഉമ്മൻചാണ്ടിയെ അന്ന് സഭാനേതാവിന്റെ ചുമതല ഏൽപ്പിച്ചു. അതിനുശേഷം അദ്ദേഹം രാജിവച്ചു. അതെല്ലാം കോൺഗ്രസിനകത്തുള്ള തർക്കപ്രശ്നം. അതിലേക്ക് ഞാനിപ്പോൾ കടക്കുകയല്ല—തുടർന്ന് ശ്രീ. സി. വി. പത്മരാജനെ സഭാ നേതാവായി നോമിനേറ്റ് ചെയ്തു. സ്പീക്കർക്ക് അന്ന് എഴുതിക്കൊടുത്ത കത്തിലെ വാചകം ഞാൻ വായിക്കാം. ജൂലൈ മാസം 20-ാം തീയതിയിലെ പ്രൊസീഡിംഗ്സിൽ കാണുന്നതാണ്.

My dear Speaker,

In modification of my earlier letter dated 28-6-1992, Sri C. V. Padmarajan will be attending to the duties and functions of the Leader of the House duting my absence..... ഇതേ രീതിയിൽ അറിയിച്ചിട്ടുണ്ട്. ചികിത്സയ്ക്കു പോയതായിരുന്നു അന്നത്തെ മുഖ്യമന്ത്രി അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്ന നമ്മുടെ മുഖ്യമന്ത്രിയുടെ രോഗം ഭേദമാകണം, സഭയാകെ ആഗ്രഹിക്കുന്നു. അതുകൊണ്ട് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നടപടിക്രമങ്ങളിൽ എന്തെങ്കിലും രീതിയിൽ മാറ്റം വരുത്താൻ നമുക്കാർക്കെങ്കിലും അവകാശമുണ്ടോ? Practice and Procedure of Parliament സംബന്ധിച്ച് 'ശക്തർ ആന്റ് കൗൾ' വിവരിക്കുന്നത് The Leader of the House is an important parliamentary functinary and exercises, direct influences on the course of business..... The arrangement of Government business is the ultimate responsibility of the Leader of House, ... എന്നാണ്. മൂന്നാം തീയതി ഇവിടെ ബി. എ. സി. കൂടി. മൂന്നാം തീയതിയിലെ ബി. എ. സി.-യിലാണ് തുടർന്നുള്ള നടപടിക്രമങ്ങളെല്ലാം ഫോർമുലേറ്റ് ചെയ്തിട്ടുള്ളത്. ബി. എ. സി.-യുടെ ഫംഗ്ഷനിൽ യഥാർത്ഥത്തിൽ സഭാനേതാവിന് സുപ്രധാനമായ പങ്കുണ്ട്. സഭാനേതാവ് ആരാണ്? അതുകൊണ്ടുതന്നെ ലീഡർ ഓഫ് ദി ഹൗസ് ഇല്ലാതെ സഭ സാധാരണഗതിയിൽ സമ്മേളിക്കാറില്ല. ഇവിടെ സഭാസമ്മേളനം ആരംഭിച്ച ഫെബ്രുവരി മൂന്നാം തീയതി മുതൽ ആരാണ് സഭാനേതാവ് എന്നുള്ളത് അംഗങ്ങൾക്കറിയില്ല. സഭയ്ക്കറിയില്ല. മൂന്ന് ദിവസമായി മുഖ്യമന്ത്രിയുടെ ചുമതലയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ, സബ്മിഷനുകൾ, ശ്രദ്ധക്ഷണിക്കലുകൾ, അടിയന്തിരപ്രമേയം എന്നിവയ്ക്കെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുന്നുണ്ട്. ഫലത്തിൽ സഭാനേതാവായി ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ ബിനാമിയെപ്പോലെ പ്രവർത്തിക്കുന്ന അവസ്ഥയാണ്. ഇത്തരത്തിൽ ബിനാമിയായി പ്രവർത്തിക്കാൻ നമ്മുടെ സഭാ ചട്ടത്തിലോ ഭരണഘടനയിലോ വ്യവസ്ഥയില്ല. സഭാ നേതാവിന്റെ മാറ്റം സഭയെ അറിയിക്കണം, അംഗീകരിക്കണം. 1961 മാർച്ച് ആറാം തീയതി അന്നത്തെ പ്രധാനമന്ത്രി കോമൺവെൽത്ത് സമ്മേളനത്തിൽ പങ്കെടുക്കാൻ പോയപ്പോൾ സഭാനേതാവായി അവിടത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ അധികാരപ്പെടുത്തിക്കൊണ്ട് സ്പീക്കർക്ക് എഴുതുകയുണ്ടായി. രണ്ടാഴ്ചത്തെ കാര്യം മാത്രമാണ്. ആ കത്തിൽ അദ്ദേഹംതന്നെ ഒരു കാര്യം സ്പീക്കറോട് പറഞ്ഞു. ഇത് ഔപചാരികമായി സഭയെ അറിയിക്കണ്ടതായിട്ടില്ല. എന്നാൽ സഭാനേതാവായി ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. രണ്ടാഴ്ചത്തെ കാര്യമാണ്. പിന്നീടുള്ള എല്ലാ ഘട്ടങ്ങളിലും (1991-ലും 1997-ലും) പ്രധാനമന്ത്രി ഹൗസിൽ ഇല്ലാതിരിക്കുമ്പോൾ ലീഡർ ഓഫ് ദി ഹൗസായി ഒരു മിനിസ്റ്ററെ ചുമതലപ്പെടുത്തിക്കൊണ്ട് അവിടെ ലെറ്റർ സ്പീക്കർക്ക് നൽകുകയും സ്പീക്കർ അത് സഭയെ അറിയിക്കുകയും ചെയ്യുന്നു എന്നുള്ള സാമാന്യ പാർലമെന്റ് മര്യാദയാണ് ഇതുവരെ ഇവിടെ പാലിച്ചുവന്നിട്ടുള്ളത്. അത് ഇവിടെ ഇല്ലാതാക്കിയിരിക്കുകയാണ്. സഭയ്ക്ക് അറിയേണ്ട ഒരു കാര്യം, ഇതു സംബന്ധിച്ച് ചികിത്സയിൽ കഴിയുന്ന സഭാനേതാവ് ശ്രീ. ഇമ്മർഭായി വല്ല കത്തും അദ്ദേഹത്തിന്റെ അഭാവത്തിൽ സഭാനേതാവായി ആരെയെങ്കിലും ചുമതലപ്പെടുത്തിയതായി സ്പീക്കർക്ക് നൽകിയിട്ടുണ്ടോ? എങ്കിൽ അത് അറിയണം. എന്തുകൊണ്ട് ഇത് സഭയെ അറിയിക്കുന്നില്ല? അത് ശ്രീ. വക്കം പുരുഷോത്തമൻ ആണോ? അത് ഈ സഭയ്ക്ക് അറിയാൻ അവകാശമുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 164-ന്റെ ലംഘനം സംഭവിച്ചിരിക്കുകയാണ്. 164 (3) പ്രകാരം ശപഥം എടുക്കണം. മുഖ്യമന്ത്രിയായി ഒരാളെ നോമിനേറ്റ് ചെയ്യാൻ അത്ര എളുപ്പമല്ല. മന്ത്രിയായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സത്യപ്രതിജ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. പക്ഷേ, 164 പ്രകാരം മുഖ്യമന്ത്രിയായാൽ പ്രത്യേകമായി ശപഥം എടു ക്കേണ്ടതായിട്ടുണ്ട്. ആ ഭരണഘടനാ വ്യവസ്ഥയാണ് ഇവിടെ ലംഘിച്ചിരിക്കുന്നത്. അതു സംബന്ധിച്ച വ്യക്തമായ ഒരു റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണ മെന്നാണ് പറയാനുള്ളത്.

(b) റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചികിത്സയിൽകഴിയുന്നതിനാൽ അദ്ദേഹത്തിന്റെ അഭാവത്തിൽ സഭാനേതാവ് ആരാണെന്നറിയാൻ സഭയ്ക്ക് അധികാരം ഉണ്ടെന്നും അക്കാര്യം സഭയിൽ പറയാതിരുന്നത് പാർലമെന്ററി മര്യാദകളുടെ ലംഘനം ആണെന്നുമാണ് ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ചിരിക്കുന്ന പ്രശ്നം. ചെയർ ഇക്കാര്യം പരിശോധിച്ചു. വിദഗ്ദ്ധചികിത്സയ്ക്കുവേണ്ടി എല്ലിന് ഒടിവുണ്ടായതു കാരണം തനിക്ക് കുറച്ചു ദിവസം വിശ്രമം അനിവാര്യം ആയതിനാൽ തന്റെ അഭാവത്തിൽ സഭാ നേതാവിന്റെ ചുമതല നിർവ്വഹിക്കുന്നതിനും സഭയിൽ താൻ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനെ ചുമതലപ്പെടുത്തിക്കൊണ്ട് 2-2-2006-ൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് കത്ത് നൽകിയിരുന്നു. ഇക്കാര്യം സഭയെ അറിയിക്കുന്നത് സംബന്ധിച്ച കീഴ്വഴക്കം ഞാൻ പരിശോധിച്ചു. ശ്രീ. കെ. കരുണാകരൻ 1992-ൽ വാഹനാപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്നപ്പോൾ 19-6-1992 മുതൽ 18-7-1992 വരെ ശ്രീ. ഉമ്മൻചാണ്ടിയെ സഭാ നേതാവിന്റെ ചുമതല ഏൽപ്പിച്ചിരുന്നു. എന്നാൽ ഇക്കാര്യം സഭയിൽ അനൗൺസ് ചെയ്തിരുന്നില്ല. എന്നാൽ 18-7-1992-ൽ സഭാ നേതൃ സ്ഥാനം ശ്രീ. ഉമ്മൻചാണ്ടി രാജിവച്ചതിനെ തുടർന്ന് ശ്രീ. സി. വി. പത്മരാജനെ സഭാ നേതാവാക്കിയ കാര്യം 20-7-1992-ൽ സഭയെ അറിയിച്ചതായി കാണുന്നു. ലോക്സഭയിൽ 1997-ൽ the Prime Minister who was a member of Rajya Sabha, nominated the Minister of Railways as the Leader of the House, but no formal announcement in this regard was made in the House എന്ന് 'ശകതർ ആന്റ് കൗശ' പറയുന്നു. It has been the practice that during the protracted absence of the Leader of the House when Lok Sabha is in Session, the Minister of Parliamentary Affairs, in consultation with the former, intimates to the Speaker as to who would act as the Leader of the House, but no formal announcement in this regard is made in the House മുഖ്യമന്ത്രി ഒരു ചെറിയ കാലയളവിലേക്ക് സഭാനേതാവിന്റെ ചുമതല കൈമാറി എന്ന് സ്പീക്കറെ അറിയിച്ച സാഹചര്യത്തിൽ അതുപ്രകാരം അനുവദിക്കാനുള്ള പൂർണ്ണമായ അധികാരം സ്പീക്കർക്കുണ്ട്. അത് സഭയിൽ പരസ്യമായി പ്രസ്താവിക്കണമെന്നൊരു കീഴ്വഴ ക്കമില്ല. അതുകൊണ്ട് ഈ ക്രമപ്രശ്നത്തിൽ ഭരണഘടനാപരമായ യാതൊരു ലംഘനവും ഇല്ല. അതാണ് എന്റെ റൂളിംഗ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടത്തെ പ്രശ്നം, ഇത് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് ആരേയും അറിയിച്ചിട്ടില്ല, കാരണം ഇവിടെ ഓരോ പ്രശ്നങ്ങൾ ദിവസേന ഉന്നയിക്കപ്പെടുന്നുണ്ട്. മുഖ്യമന്ത്രി എന്നുള്ള നിലയിൽ ചാർജ് ഏൽപ്പിച്ചതായി ആളുകൾക്കറിയാം. സഭാനേതാവെന്നുള്ള നിലയിൽ ഒരാളെ ചുമതലപ്പെടുത്തിയില്ല. എന്നാൽ ഇവിടെ നടക്കുന്ന കാര്യങ്ങൾ ആരാണ് നടപ്പിലാക്കുന്നത്? ഇതു സംബന്ധിച്ചുള്ള അവ്യക്തത ഉള്ളതുകൊണ്ട് ഭാവിയിലെങ്കിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ബുള്ളറ്റിനിറക്കണമെന്ന റൂളിംഗ് അങ്ങ് നൽകണം.

മി. സ്പീക്കർ: ഇതിൽ യാതൊരു അവ്യക്തതയും ഇല്ല. ബി. എ. സി. യോഗത്തിൽ ഇക്കാര്യം എല്ലാപേരും മനസ്സിലാക്കിയതാണ്. ഇവിടെ ഇതുവരെ നടന്ന കാര്യങ്ങളൊക്കെ എല്ലാപേരും മനസ്സിലാക്കിയിട്ടുതന്നെയാണ് മുന്നോട്ടുപോയത്. പിന്നെ ഒരു പ്രശ്നം ഉന്നയിച്ചു. അതിനെപ്പറ്റി റൂളിംഗും നൽകി.

ഡോ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട തൊടുപുഴ മെമ്പർ ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിക്കുമ്പോൾ കേരള കോൺഗ്രസ് പാർട്ടി പ്രവർത്തകരെ സാമൂഹ്യ വിരുദ്ധരെന്ന് പറയുകയുണ്ടായി. ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരെ, അവർ പ്രതിഷേധ പ്രകടനം നടത്തിയതിന്റെ പേരിൽ ..... തൊടുപുഴയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സർക്കാർ ഉദ്ദേശത്തിൽ ഉണ്ട്. എല്ലാ ഓഫീസുകളും അവിടെ പ്രവർത്തിക്കുന്നതാണ്. പുതിയ ഓഫീസുകളൊന്നും തന്നെ ഉണ്ടാകുന്നില്ല. ഈ ഓഫീസുകൾ വാടക ഇല്ലാതെ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കടം എടുത്ത് റവന്യൂ വേർ പണിയുന്നതുകൊണ്ടുണ്ടാകുന്ന ദുർവ്യയത്തെ സംബന്ധിച്ചിടത്തോളമുള്ള ജനങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുന്നതിനുവേണ്ടി പ്രതിഷേധ പ്രകടനം നടത്തിയ ആൾക്കാർക്കെതിരെ ലാത്തിച്ചാർജ്ജ് നടത്തുകയും ശ്രീ. പി. ടി. തോമസിന്റെ അനുയായികളായിട്ടുള്ള ചില പ്രവർത്തകർ അതിൽ ഇടപെട്ട് കേരള കോൺഗ്രസ് പ്രവർത്തകരെ മർദ്ദിക്കാൻ ശ്രമിക്കുകയും ചെയ്ത സംഭവമാണ് അവിടെ ഉണ്ടായത്. അതിനെ സംബന്ധിച്ച് സബ്മിഷൻ നടത്തുമ്പോൾ ആ പാർട്ടി പ്രവർത്തകരെ സാമൂഹ്യ വിരുദ്ധരെന്ന് ചിത്രീകരിക്കുന്നത് പാർലമെന്ററി അല്ല. പാർലമെന്ററി അല്ലാത്ത പ്രയോഗം സഭാരേഖയിൽനിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ആര് ഇവിടെ സംസാരിക്കുമ്പോഴും പരസ്പരം ബഹുമാനം വേണ്ടതാണ്. ഇവിടെ ശ്രീ. പി. ടി. തോമസിന്റെ സബ്മിഷനിൽ അങ്ങനെ എന്തെങ്കിലും അപകീർത്തികരമായോ അനാരോഗ്യകരമായോ പദപ്രയോഗങ്ങൾ ഉണ്ടോ എന്ന് ഞാൻ പരിശോധിക്കാം.†

† വിഷയം നമ്പർ 146 ഇ. ബി./2006/ലെജി. തീയതി 13-2-2006 പ്രകാരം പരാമർശ ഭാഗങ്ങൾ രേഖയിൽ നിലനിർത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly